# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3966

24/08/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീര ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അടൂർ പ്രകാശ് : | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും, എവിടെയൊക്കെയാണ് പദ്ധതി നടപ്പിലാക്കി വരുന്നതെന്നും വിശദമാക്കാമോ; | (എ) 2017-18 വർഷത്തിൽ സംസ്ഥാനത്തെ 5 ഗ്രാമ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കോടി രൂപയുടെ സമഗ്ര ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>ഈ പദ്ധതിയിലൂടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കറവ യന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായം നൽകുന്നതിന് പുറമെ ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായവും നൽകുന്നു.തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ,ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ അഞ്ചു ഗ്രാമപഞ്ചായത്തുകളിലാണ് 2017-18 വർഷത്തെ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പാൽ ഉല്പാദന വർദ്ധനവിന് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് ക്ഷീരകർഷകർക്ക് ഈ പദ്ധതിയനുസരിച്ച് സർക്കാർ നൽകിയത്; വിശദമാക്കുമോ? | (ബി) | 1. അവശ്യാധിഷ്ഠിത ധനസഹായം<br>2. കറവയന്ത്രം<br>3. ശാസ്ത്രീയകാലി തൊഴുത്ത്<br>4. കറവ പശുക്കളുടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള പദ്ധതി<br>5. ധാതുലവണ മിശ്രിതം |

സെക്ഷൻ ഓഫീസർ.